മേഖലയിലുള്ള ആളുകൾക്ക് കുടിക്കാൻ ശുദ്ധജലം എത്തിക്കേണ്ടതുണ്ട്. അതുപോലെ തന്നെ കാർഷിക വിളകൾക്ക് സംഭവിച്ചിട്ടുള്ള നാശത്തിന് നഷ്ടപരിഹാരം കൊടുക്കണം. താൽക്കാലികമായി ഉപ്പുവെള്ളം കയറുന്നത് തടയാൻ അവിടെ ചെളി കോരി ഇട്ട് ബണ്ട് നിർമ്മിക്കാൻ കഴിയും. പത്ത് ഇരുപത്തിയഞ്ച് ലക്ഷം രൂപ ഉണ്ടെങ്കിൽ ആ പ്രവർത്തനം നടത്താൻ വേണ്ടി കഴിയുന്നതാണ്. അടിയന്തരമായും ഈ മേഖലയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇപ്പോൾ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. വളരെ അപ്രതീക്ഷിതമായിട്ടുള്ള, ഇതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത രീതിയിലാണ് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ചൂണ്ടിക്കാണിച്ച ഈ സംഭവം. വീടുകൾക്ക് ഉള്ളിലേയ്ക്ക് വെള്ളം കയറുകയാണ്. അതും ഒരുപാട് ഉയരത്തിലേയ്ക്ക് വെള്ളം കയറിവരികയാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് ശാസ്ത്രീയമായിട്ട് എന്തൊക്കെ നമുക്ക് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകാൻ വേണ്ടി ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞരോട് ആവശ്യപ്പെടുന്നതാണ്. ഏറ്റവും വേഗത്തിൽ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽത്തന്നെ അവർ അവിടെ വന്ന് റിപ്പോർട്ട് തയ്യാറാക്കി നൽകണം. അതോടൊപ്പംതന്നെ ജില്ലാ കളക്ടറോടും ശ്രീ എം. പ്രകാശൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ബണ്ട് കെട്ടുന്നതും കുടിവെള്ളം എത്തിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അടിയന്തരമായി എന്താണ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി എസ്റ്റിമേറ്റ് ഉൾപ്പെടെ ഗവൺമെന്റിലേക്ക് നൽകിയാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും എത്രത്തോളം തുക അനുവദിക്കാൻ കഴിയുമോ അതിന്റെ മാനദണ്ഡമനുസരിച്ച് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുപോലെ ഒരു സംഭവം മലപ്പുറം ജില്ലയിലെ ബാലത്തുരുത്തിയിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(10) യോഗ്യതയില്ലാത്ത അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ. ബി ഗണേഷ് കുമാർ : സർ, സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ കാര്യത്തിലാണ് ജനങ്ങൾക്ക് വിശ്വാസമുള്ളത്. കാരണം നല്ല മാർക്കില്ലാത്ത കുട്ടികളേയും യോഗ്യതയില്ലാത്ത കുട്ടികളേയും മറ്റ് സ്വാശ്രയ കോളേജുകൾ സ്വീകരിച്ചാലും മെരിറ്റ് നോക്കിയാണ് ഐ.എച്ച്.ആർ.ഡി. കോളേജുകൾ കുട്ടികളെ എടുക്കുന്നത് എന്നുള്ള ഒരു സമാധാനം രക്ഷിതാക്കൾക്കുണ്ട്. പക്ഷേ ഇന്ന് ദൗർഭാഗ്യവശാൽ കണ്ടുവരുന്ന ഒരു മോശപ്പെട്ട കീഴ്വഴക്കം എന്ന് പറയുന്നത് ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ അയോഗ്യരായ അദ്ധ്യാപകർ പഠിപ്പിക്കുന്നു എന്നുള്ളതാണ്. ഏതെങ്കിലും വളഞ്ഞ വഴിയിലൂടെ ഐ.എച്ച്.ആർ.ഡി. കോളേജിലെ ഏതെങ്കിലും ഒരു താഴ്ന്ന തസ്തികയിൽ കടന്നുകയറിയിട്ട് തമിഴ്നാട്ടിലുള്ള ഭാരതീയാർ, അണ്ണാമലൈ പോലുള്ള വിദൂര സർവ്വകലാശാലകളിലെ ഡിഗ്രികൾ സമ്പാദിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണ് പ്രൊമോഷൻ തട്ടിയെടുക്കുന്നത്. അതായത് പോസ്റ്റൽ വഴി നീന്തൽ പഠിക്കുന്നതുപോലെ ദൂരെ ഇരുന്നുകൊണ്ട്, കോഴിക്കോട്ടോ കേരളത്തിന്റെ മറ്റേതെങ്കിലും ഭാഗത്തോ ഇരുന്ന് കമ്പ്യൂട്ടർ പഠിച്ചതിനുശേഷം ആ ഡിഗ്രി ഭാരതീയാർ അല്ലെങ്കിൽ അണ്ണാമലൈ സർവ്വകലാശാലയിൽ നിന്നും കൊണ്ടുവന്ന് ഇവിടെ കാണിച്ചുകൊണ്ട് പ്രൊമോഷൻ വാങ്ങി ലക്ചറർ ആകുക. ലക്ചറർ ആയതിനുശേഷം ചില കയ്യിലിരുപ്പ് ദുഷ്യംകൊണ്ട് സ്ഥലം മാറ്റം വാങ്ങി മറ്റേതെങ്കിലും സ്ഥലത്ത് ചെല്ലുമ്പോൾ സീനിയർ ആയിട്ടുള്ള ആളില്ലാത്തതുകൊണ്ട് ഡിപ്പാർട്ടുമെന്റ് ഹെഡ് ആകുക, പ്രിൻസിപ്പൽ ഇല്ലാത്ത കോളേജുകളിൽ ചെന്ന് അവിടത്തെ പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുക. ഇത്തരം ക്രമക്കേടുകൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിരിക്കുകയാണ്. ഐ.എച്ച്.ആർ.ഡി. കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിവരാവകാശ നിയമപ്രകാരം തന്ന ഉത്തരംപോലും തെറ്റാണ്. ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഇത്തരത്തിലുള്ള നിയമനങ്ങൾ നടത്തിയിട്ടില്ലായെന്ന് അദ്ദേഹം വിവരാവകാശ നിയമപ്രകാരം ഒരു മറുപടി തന്നിട്ടുണ്ട്. പക്ഷേ അവിടെ ഇത്തരത്തിലുള്ള നിയമനങ്ങൾ നടന്നിരിക്കുന്നുവെന്ന് ഉദാഹരണ സഹിതം എനിക്ക് പറയാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പോലും സംശയത്തിന്റെ നിഴലിലാകുമെന്നതുകൊണ്ട് ഇക്കാര്യത്തിൽ ഒരു അന്വേഷണം അങ്ങ് നടത്തണം. കാരണം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫീസുകളിൽ സ്ത്രീകളെ ഉപദ്രവിച്ചതിന്റെ പേരിൽ നടപടി നേരിടുന്ന ഒരാൾ, ശ്രീ. സജീവ് കുമാർ എന്ന് പേരുള്ള കമ്പ്യൂട്ടർ ഡിപ്ലോമ മാത്രമുള്ള ഒരാൾ അവിടെ ജോലിയിൽ പ്രവേശിച്ചശേഷം വിദൂര സർവ്വകലാശാലയുടെ അതായത് അണ്ണാമലൈ സർവ്വകലാശാലയുടെ കമ്പ്യൂട്ടർ എം.എസ്സി. പാസ്സായതായി രേഖ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. ഞാൻ കാലിക്കറ്റ് സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും വിവരാവകാശ നിയമപ്രകാരം എഴുതി ചോദിച്ചപ്പോൾ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ നിയമനത്തിനോ ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള പ്രൊമോഷനോ ഇക്വാളിറ്റി സർട്ടിഫിക്കറ്റായി അണ്ണാമലൈ സർവ്വകലാശാലയുടെ, വിദൂര സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കില്ലായെന്നാണ് കേരള യൂണിവേഴ്സിറ്റിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും പറയുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയും കേരള യൂണിവേഴ്സിറ്റിയും അവരുടെ കോളേജുകളിൽ ഒരു കാരണവശാലവും ഇത്തരം ഡിഗ്രികൾ അനുവദിക്കുകയില്ലായെന്ന് പറയുന്നു. പ്രത്യേകിച്ച് കമ്പ്യൂട്ടർ പഠിപ്പിക്കുന്ന ഒരാൾ, കമ്പ്യൂട്ടറിൽ എം.എസ്സി. എടുക്കുക എന്ന് പറയുമ്പോൾ അദ്ദേഹം അവിടെ പോയി പഠിക്കണം; പ്രാക്ടിക്കലുണ്ട്. ഹിസ്റ്ററിയോ ഇംഗ്ലീഷോ പഠിക്കുന്നതുപോലെയല്ല. വിദൂര വിദ്യാഭ്യാസം നടക്കാത്ത ചില വിഷയങ്ങളിൽപോലും കേരള സർവ്വകലാശാലയും കാലിക്കറ്റ് സർവ്വകലാശാലയും അനുവദിക്കാത്ത ചില കാര്യങ്ങൾ ഉണ്ട്. ഇപ്പോൾ കേരള സർവ്വകലാശാലാ ഡിഗ്രിയുമായി വരുന്ന ഒരാൾക്ക് പ്രൊമോഷൻ വേണമെങ്കിൽ ടെസ്റ്റ് എഴുതണം. ഡിപ്പാർട്ടുമെന്റൽ ഇന്റർവ്യൂ ഉണ്ട്, ടെസ്റ്റുണ്ട്. ഇതൊന്നും ഇവിടെ ബാധകമല്ല. ഐ.എച്ച്.ആർ.ഡി. ഇത്തരം കാര്യങ്ങളിൽ കുത്തഴിഞ്ഞ് നീങ്ങുമ്പോൾ ബഹുമാനപ്പെട്ട മന്ത്രീ, അങ്ങയുടെ കരങ്ങൾ സംശുദ്ധമാണ് എന്ന് ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. തെറ്റായ വിവരങ്ങൾ നൽകുന്ന ഇവർക്കെതിരെയും ഇത്തരം പ്രൊമോഷനുകൾ നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെയും നടപടി സ്വീകരിക്കണം. സജീവ് കുമാർ എന്ന ആൾ സഹപ്രവർത്തകയായ ഒരു സ്ത്രീയോട് അപമര്യാദയായി പെരുമാറിയതിന് പണിഷ്മെന്റ് ട്രാൻസ്ഫറായി ഡിപ്പാർട്ടുമെന്റ് ഹെഡ്ഡില്ലാത്ത ഒരു സ്ഥലത്തേയ്ക്ക് മാറ്റപ്പെട്ട വ്യക്തിയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ അദ്ദേഹം ഇപ്പോൾ പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്നു തീർച്ചയായും ഈ കാര്യത്തെ കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തണം. ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, എന്റെ സുഹൃത്ത് ഗണേഷ് കുമാർ ഗൗരവമുള്ള വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിൽ ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളാണ് ഇവിടെയുള്ളത്. ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിഷ്ക്കർഷിക്കുന്ന യോഗ്യതയുള്ളവരെ മത്സരപരീക്ഷയും ഇന്റർവ്യൂവും നടത്തി സംവരണ തത്വം പാലിച്ചു കൊണ്ടാണ് ഇവിടെ അദ്ധ്യാപകരായി നിയമിക്കുന്നത്. എന്നാൽ ഇത്തരം നിയമനങ്ങൾ നടത്തുന്നതിന് കാലതാമസമുണ്ടാകുമ്പോൾ കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകർ ഇല്ലാതെ പോകരുത് എന്നുള്ളതുകൊണ്ട് മറ്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെല്ലാം നിലവിലുള്ളതുപോലെ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാനുള്ള സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ള വിമർശനം ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഈ തത്വങ്ങൾ പാലിക്കാതെയും ചിലർ നിയമിക്കപ്പെടുന്നു എന്നുള്ളതാണ്. സജീവ് കുമാറിന്റെ കാര്യം ഇവിടെ വ്യക്തമായി പറഞ്ഞു, കംപ്യൂട്ടർ ഡിപ്ലോമ മാത്രമുള്ള ഒരാൾ. അതും വേണ്ടത്ര പ്രശസ്തിയും അംഗീകാരവുമില്ലാത്ത ഒരു സ്ഥാപനത്തിൽനിന്നോ സർവ്വകലാശാലയിൽനിന്നോ നേടിയ സർട്ടിഫിക്കറ്റുകളെ ആസ്പദമാക്കി സ്ഥലംമാറി ഒരു സ്ഥലത്ത് പോവുകയും അവിടെ പ്രിൻസിപ്പാൾ ഇല്ലാത്ത സാഹചര്യത്തിൽ പ്രിൻസിപ്പലിന്റെ ചുമതല ഈ പറയപ്പെടുന്ന വ്യക്തി നേടിയെടുക്കുകയുമൊക്കെ ചെയ്തിരിക്കുന്നു എന്നത് വളരെ ഗൗരവമുള്ള ഒരു വിമർശനമാണ്. ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതയെക്കുറിച്ച് ഒരു വിമർശനം ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് ഇത് മുഴുവൻ പരിശോധിക്കാൻ ഒരു സംവിധാനം ഏർപ്പെടുത്തുന്നതും ആ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ കർശനമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതുമാണെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

(11) സ്വാശ്രയ മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളത്തിലെ എഴുന്നൂറിലധികം വരുന്ന സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപകരും അനദ്ധ്യാപകരുമടക്കം പതിനായിരക്കണക്കിന് ജീവനക്കാരുണ്ട്. ഇവർക്ക് ശരിയായ സേവന-വേതന

LIBRARY ARCHIVES Kerala Legislative Assembly